

# മാതൃദേവോ ഭവ...

**അമ്മയോടുള്ള സ്നേഹവും ആദരവും കടപ്പാടുമൊക്കെ ഒരു ദിവസം മാത്രം കാണിക്കേണ്ട ഒന്നാണോ. അമ്മയുടെ ത്യാഗങ്ങൾ, സഹനങ്ങൾ, നൊമ്പരങ്ങൾ, ക്ഷമ ഇതിനൊക്കെ പകരംവെക്കാൻ നമുക്കാവുമോ? അമ്മ നൽകിയ സ്നേഹവും സാന്ത്വനവും ലാളനയും ആർദ്രതയും സുരക്ഷിതത്വവുമൊക്കെ ഓർക്കുവാൻ ഒരു ദിവസം മതിയോ? ഒരു ജന്മംകൊണ്ടുപോലും നമുക്ക് അതിനു പ്രത്യുപകാരം ചെയ്യാനാവില്ല.**

**മെ**യ് എട്ടാം തീയതി ഞാൻ ഷോപ്പിംഗിനായി ഒരു മാളിൽ കയറിയപ്പോൾ കുറേ കടകളിൽ മദേഴ്സ് ഡെ സമ്മാനങ്ങളും ആശംസാകാർഡുകളും പുഷ്പങ്ങളും കൊണ്ട് വളരെ ആകർഷണീയമായ രീതിയിൽ അലങ്കരിച്ചിരിക്കുന്നതു കൂടാതെ 'മെയ് 9 മദേഴ്സ് ഡെ ആശംസകൾ' എന്നെഴുതിയ ബാനറും അവിടെ തൂക്കിയിട്ടിരിക്കുന്നു.

ഞാനാലോചിച്ചു, അമ്മയെക്കുറിച്ച് ഓർക്കുവാൻ ഒരു ദിവസം മാറ്റിവെക്കുന്നു. ഒരു ദിവസത്തെ ആചരണം. ഫ്രണ്ട്ഷിപ്പ് ഡെ, വാലന്റൈൻസ് ഡെ എന്നിവയെല്ലാം പോലെ 'ലോക മാതൃദിനം.' പെറ്റമ്മയെപ്പോലും കച്ചവടസംസ്കാരത്തിന്റെ ഭാഗമാക്കി നമ്മൾ.

അമ്മയോടുള്ള സ്നേഹവും ആദരവും കടപ്പാടുമൊക്കെ ഒരു ദിവസം മാത്രം കാണിക്കേണ്ട ഒന്നാണോ. അമ്മയുടെ ത്യാഗങ്ങൾ, സഹനങ്ങൾ, നൊമ്പരങ്ങൾ, ക്ഷമ ഇതിനൊക്കെ പകരംവെക്കാൻ നമുക്കാവുമോ? അമ്മ നൽകിയ സ്നേഹവും സാന്ത്വനവും ലാളനയും ആർദ്രതയും സുരക്ഷിതത്വവുമൊക്കെ ഓർക്കുവാൻ ഒരു ദിവസം മതിയോ? ഒരു ജന്മംകൊണ്ടുപോലും നമുക്ക് അതിനു പ്രത്യുപകാരം ചെയ്യാനാവില്ല. നമുക്ക് വേദന വരുമ്പോഴും ദുഃഖം വരുമ്പോഴും നാമറിയാതെ അമ്മയെ വിളിക്കുന്നു. നോക്കൂ, എത്ര സാന്ത്വനമാണ് അമ്മ എന്ന പദം തന്നെ.

മാതാ, പിതാ, ഗുരു, ദൈവം എന്നല്ലെ പ്രമാണം. ഇതിൽ പൂജ്യരിൽ, ആരാധ്യരിൽ അമ്മയ്ക്കാണ് പ്രഥമസ്ഥാനം എന്നു കാണാം. അതായത് നമ്മുടെ കാണപ്പെടുന്ന ദൈവമാണ് അമ്മ. അനാദികാലം മുതൽ മാതാവിനു നാം ഉയർന്ന സ്ഥാനം നൽകിവരുന്നു. നമ്മുടെ പുരാണേതിഹാസങ്ങളിൽ മാതൃപൂജ മഹനീയമായി കണക്കാക്കുന്നു. ഇന്ത്യൻ ജനത ഇപ്രകാരം മാതൃപൂജ ജീവിതചര്യയാക്കുമ്പോൾ വിദേശജനതയുടെ സമീപനം തികച്ചും വ്യത്യസ്തമാണ്.

കേരളത്തിൽ പല ഭാഗത്തും 'മദേഴ്സ് ഡെ' ആഘോഷിച്ച വാർത്ത കേട്ടപ്പോൾ ഞാൻ വാസ്തവത്തിൽ ഞെട്ടിപ്പോയി. നമ്മുടെ പാവനമായ പല സാമൂഹ്യ മൂല്യങ്ങളും, ആർദ്രമധുരമായ പല കുടുംബ ബന്ധങ്ങളും നമ്മൾ കേവലം ഔപചാരികമാക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് നമ്മുടെ അമ്മമാരെയും നമ്മൾ അപ്രകാരം വാണിജ്യവൽക്കരിച്ചോ എന്ന സംശയവും വേദനയും എനിക്കുണ്ടായി. അമ്മയോടുള്ള ആത്മബന്ധവും ഹൃദയബന്ധവും ജന്മബന്ധവുമൊക്കെ പടിഞ്ഞാറൻ സംസ്കാരം വാണിജ്യവൽക്കരിച്ചു കഴിഞ്ഞു. അതിവിടെയും എത്തിയോ?

വിദേശികളെ എന്തിനും ഏതിനും അന്ധമായി അനുകരിക്കുന്ന നമ്മൾ നമ്മുടെ പല നന്മകളോടും നേരത്തെതന്നെ വിടപറഞ്ഞു കഴിഞ്ഞു. ഒരേഴെട്ടു കൊല്ലം മുൻപുവരെ നമ്മൾ 'വാലന്റൈൻസ് ഡെ'യെപ്പറ്റി കേട്ടിരുന്നില്ല, അല്ലെ. ഇന്നത് കേരളത്തിൽ വളരെ പ്രചാരത്തിൽ വന്ന് വ്യവസ്ഥാപിതമായ ഒരാഘോഷമായി മാറി, കൗമാരക്കാരുടെയും യുവജനങ്ങളുടെയും ഇടയിൽ.

ഏഷ്യൻ രാജ്യങ്ങളെപ്പോലെയുള്ള കുടുംബ സാമൂഹ്യ ബന്ധമല്ല പടിഞ്ഞാറൻ രാജ്യങ്ങളിൽ. അവിടെ വിവാഹം ഒരു കോൺട്രാക്ട് ആണ്. ഇന്ത്യയിലും ഏഷ്യൻ രാജ്യങ്ങളിലും അതൊരു പാവനമായ, സുദീർഘമായ സാമൂഹ്യബന്ധമാണ്. യൂറോപ്യൻ രാജ്യങ്ങളിൽ വിവാഹമോചനം, പുനർവിവാഹമൊക്കെ സർവ്വസാധാരണമാണ്. പുനർവിവാഹം പോലും ഇവിടെ അടുത്ത കാലത്താണ് പ്രചാരത്തിലെത്തിയത്. പടിഞ്ഞാറൻ സംസ്കാരത്തിൽ കൂടുതൽ വിവാഹങ്ങളും ദീർഘകാലം നിലനിൽക്കുകയില്ല. രണ്ടാനമ്മയും രണ്ടാനച്ഛനും വീട്ടിൽ താമസമുറപ്പിക്കുന്നതു കണ്ടാണ് അവിടെ കുട്ടികൾ വളരുന്നത്. 18 വയസ്സു പൂർത്തീകരിച്ചു കഴിഞ്ഞാൽ അവരും സ്വതന്ത്രരായി ജീവിക്കാനാരംഭിക്കും. അവിടെ വിവാഹം കഴിക്കാതെ സ്ത്രീയും പുരുഷനും ഒരുമിച്ച് താമസിക്കുന്നത് സാധാരണവും



കെ. മുരളീധരൻ



യാതൊരുവിധ വിലക്കുകളുമില്ലാത്ത കാര്യവുമാണ്. അവിവാഹിതരായ അമ്മമാർക്ക് അവിടെ യാതൊരു ഭ്രഷ്ടും കൽപ്പിക്കുന്നില്ല. ഇങ്ങനെയുള്ളൊരു സാമൂഹ്യസാഹചര്യത്തിൽ കുട്ടികൾ തങ്ങളുടെ അമ്മമാരുടെ ത്യാഗത്തെപ്പറ്റി സ്മരിക്കുവാൻ ഒരു ദിവസം മാറ്റിവെച്ചതിൽ അത്ഭുതപ്പെടേണ്ട.

ഇവിടെ ഭാര്യമാരും അമ്മമാരും ദാമ്പത്യജീവിതത്തിന്റെ സുസ്ഥിതിക്കും കുടുംബത്തിന്റെ കെട്ടുറപ്പിനും കുഞ്ഞുങ്ങളുടെ ഭദ്രതയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി ഭർത്താവിന്റെ അതിക്രമങ്ങളും മറ്റു യാതനകളും സഹിച്ചുകൊണ്ട് ഒരായുസ്സു മുഴുവൻ നരകയാതനയും വേദനയും അനുഭവിച്ചുകൊണ്ട് ജീവിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. സർവ്വംസഹയായ ഭൂമീദേവിയെപ്പോലെ, മഹാകവി വള്ളത്തോൾ പുകഴ്ത്തിയ 'ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി' പോലെ, സീതാദേവിയെപ്പോലെ, സാവിത്രിയെപ്പോലെ, ശീലാവതിയെപ്പോലെ ത്യാഗത്തിന്റെയും സഹനശക്തിയുടെയും ക്ഷമയുടെയും മൂർത്തിമത്ഭാവങ്ങളായ അനവധി സ്ത്രീരത്നങ്ങളെ ഭാരതത്തിന്റെ പുരാണേതിഹാസ ചരിത്രകഥകളിൽ നമുക്ക് കാണാം. ഭർത്താവിനും കുട്ടികൾക്കും വേണ്ടി ജീവിക്കുന്ന, ഒരു ജന്മം മുഴുവൻ നീണ്ട ആത്മത്യാഗം ചെയ്യുന്ന അമ്മമാർ ഇന്നും നമ്മുടെ ഗ്രാമങ്ങളിലുണ്ട്.

ഭാരതത്തിൽ ഭാര്യമാർ ധർമ്മപത്നികളാണ്. ഭർത്താവിന്റെയും മക്കളുടെയും സുഖത്തിനും ഐശ്വര്യത്തിനും വേണ്ടി അവർ അനവധി വ്രതങ്ങൾ, നോമ്പുകൾ, ശാരീരികദണ്ഡനമുൾപ്പെടെയുള്ള, ഭക്ഷണം വർജ്ജിച്ചുകൊണ്ടുള്ള അനുഷ്ഠാനങ്ങൾ നടത്തുന്നു. ഷഷ്ഠിവ്രതം, തിങ്കളാഴ്ചവ്രതം, പൊങ്കാലയിടൽ, ഏകാദശീവ്രതം തുടങ്ങിയവയൊക്കെ ഇപ്രകാരം നടത്തുന്നതാണ്.

ഇത് എല്ലാ ജാതിമതസ്ഥരുടെയും ഇടയിൽ നടന്നുവരുന്നു. സ്വന്തം സുഖം ത്യജിച്ചുകൊണ്ട് പ്രിയപ്പെട്ടവർക്കുവേണ്ടി ജീവിതം സമർപ്പിച്ച ഇവരുടെ ജീവിതം എത്ര പുണ്യവും ധന്യവുമാണ് എന്ന് നാം ഓർക്കുക.

വിധവയും ഭർത്താവിനാൽ ത്യജിക്കപ്പെട്ടവരുമായ അനവധി അമ്മമാർ തങ്ങളുടെ മക്കളെപ്പോറ്റാൻ, അവരെ പഠിപ്പിച്ച് വലിയവരാക്കാൻ, ഒരു മനുഷ്യജന്മം മുഴുവൻ യാതനകളും കഷ്ടപ്പാടുകളും വഹിച്ചു തങ്ങളുടെ യൗവനവും ആരോഗ്യവും ഹോമിക്കപ്പെട്ട്, വാർദ്ധക്യത്തിൽ വൃദ്ധമന്ദിരങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന ദാരുണമായ കഥകൾ നാം നിരന്തരം പത്രങ്ങളിൽ വായിക്കാറുണ്ടല്ലോ. സാമൂഹ്യശാസ്ത്രങ്ങൾ വളരെ പ്രകീർത്തിച്ച കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തകർച്ച ഒരു പരിധിവരെ നമ്മുടെ മാതാപിതാക്കളുടെ ഇപ്രകാരമുള്ള ദുഃസ്ഥിതിക്ക് കാരണമായിട്ടുണ്ട്.

മാതൃദിനാചരണത്തിന്റെ സംഘാടകർ അമ്മമാരുടെ സ്നേഹത്തെപ്പറ്റിയും വാത്സല്യത്തെപ്പറ്റിയും പ്രബന്ധങ്ങൾ അവതരിപ്പിച്ചും സെമിനാറുകളും ശില്പശാലകളും നടത്തിയും അമ്മമാർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തും അവരോട് 'ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു' എന്നു പറഞ്ഞു കഴിഞ്ഞാൽ ദിനാചരണ പരിപാടികൾ തീർന്നു. അല്ലെങ്കിൽ, വീടുകളിൽ കുട്ടികൾ അമ്മമാർക്ക് സമ്മാനവും ഒരു ഗ്രീറ്റിംഗ് കാർഡും കൊടുത്തുകഴിഞ്ഞാൽ തീർന്നോ നമ്മുടെ മാതൃദിനാഘോഷം.

ഇത് എങ്ങനെ നല്ലൊരു ദിനമാകുന്നു? ഇത്രമാത്രം മതിയോ അമ്മമാരോട് നമ്മൾക്കുള്ള സ്നേഹവും ആദരവും കടപ്പാടും? ഒരു പക്ഷേ തിരക്കിൽ നിന്നും തിരക്കിലേക്ക് കുതിക്കുന്ന, യാന്ത്രികമായിക്കൊണ്ടിരിക്കുന്ന ഈ വർത്തമാനകാലത്ത് ഈ ലോകത്തിന്റെ ഏതൊക്കെ കോണിൽ ഈ ദിനത്തിനായി മാത്രം കാത്തിരിക്കുന്ന, കാതോർത്തിരിക്കുന്ന അമ്മമാരുണ്ടാകാം. അനേകം അമ്മമാർ ഏറെ ക്കാലത്തിനുശേഷം ഈ ദിവസം ശാന്തമായി, സന്തോഷത്തോടെ ഉറങ്ങിയിട്ടുണ്ടാകാം. വരണ്ട ചുണ്ടുകളിൽ പുഞ്ചിരി കളിയാടിയിട്ടുണ്ടായേക്കാം. പ്രത്യേകിച്ച് വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കപ്പെട്ട, ജീവിത സായാഹ്നത്തിൽ എത്തിയ അമ്മമാർക്ക്.

എന്നാൽ ചിലപ്പോൾ ഈ ദിനത്തിലും വേദനിക്കുന്ന അമ്മമാരുണ്ടായേക്കാം. അമ്മൂമ്മയോടൊപ്പം മക്കളും പേരക്കിടാങ്ങളും മാതൃദിനം ആഘോഷിക്കുമ്പോൾ വഴിക്കണ്ണുമായി പകൽ അവസാനിക്കുന്നതുവരെ കാത്തിരിക്കുന്ന, അതുമല്ലെങ്കിൽ കാത്തിരിക്കാൻ ആരുമില്ലാത്ത മറ്റ് അമ്മമാരെ, മുത്തശ്ശിമാരെ നമുക്ക് മറക്കാതിരിക്കാം.

പകൽ മുഴുവൻ മകനെയോ മകളെയോ കാത്തിരുന്ന് ഒടുവിൽ വരാതായപ്പോൾ 'തിരക്കായിപ്പോയിട്ടുണ്ടാവും' എന്നു പറഞ്ഞു സമാശ്വസിക്കുന്ന, മിഴികളിലെ കണ്ണുനീർ ആരും കാണാതെ തുടയ്ക്കാൻ ശ്രമിക്കുന്ന, അടുത്ത വീട്ടിലെ അമ്മയെ നമുക്കോർക്കാം.

സ്നേഹിച്ചു കൊതിതീരുന്നതിനുമുമ്പ് വിടപറഞ്ഞ മകനെ/മകളെ ഓർത്തു വേർപാടിന്റെ കണ്ണീരൊപ്പിയും ചിരിക്കുമ്പോൾ കൂടെച്ചിരിച്ചും ഉറങ്ങുമ്പോൾ നെറുകയിൽ തലോടിയും കലവറയില്ലാതെ സ്നേഹം തരുന്ന കാരുണ്യത്തിന്റെ കടലും കനിവിന്റെ വിളക്കുമായ ഈ പുണ്യവതികളെ സ്നേഹിക്കാൻ ധാരാളം മക്കൾ ഈ ലോകത്തുണ്ട് എന്ന് അവരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ അത്രയും നന്നായി.


## വ്യാജപിരിവുകാരെ പോലീസിൽ ഏൽപ്പിക്കുക

ഗാന്ധിഭവന്റെയും മറ്റുപല സ്ഥാപനങ്ങളുടെയും പേരിൽ ചിലർ പല മേഖലകളിലായി വ്യാജ ബുക്ക്ലെറ്റുകളും രസീതുകളും പ്രിന്റു ചെയ്തും, ഒരു രേഖകളും ഇല്ലാതെയും ഗാന്ധിഭവന്റെ പ്രവർത്തകരാണെന്ന നാട്യത്തിൽ വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലും പണപ്പിരിവു നടത്തിവരുന്നതായി അറിയുന്നു. സ്ത്രീ പുരുഷന്മാർ സംഘമായും അല്ലാതെയും 'ഞങ്ങൾ അദ്ധ്യാപകരാണ്, മറ്റുമേഖലകളിൽ ഉദ്യോഗം വഹിക്കുന്നവരാണ്, അഗതികളെ സേവിക്കാനുള്ള കാരുണ്യമനസ്സുള്ളതു കൊണ്ടാണ് പ്രതിഫലേച്ഛയില്ലാതെ പ്രവർത്തിക്കുന്നത് എന്നും മറ്റും പറഞ്ഞാണ് പണം തട്ടിയെടുക്കുന്നത്. ഗാന്ധിഭവന്റെ 'സഹോദര സ്ഥാപനങ്ങൾക്കു വേണ്ടി' എന്നു തെറ്റിദ്ധരിപ്പിച്ചും പിരിവെടുക്കുന്നു.

കൊല്ലം ജില്ലയിലെ പത്തനാപുരത്തുള്ള കുണ്ടയം പ്രദേശത്തു മാത്രമേ ഗാന്ധിഭവൻ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുള്ളു. ജീവകാരുണ്യത്തിന്റെ പേരുപറഞ്ഞ് കാരുണ്യമനസ്കരുടെ നന്മയെ ചൂഷണം ചെയ്യുന്ന ഇത്തരക്കാരുടെ ചതിയിൽപ്പെടരുതെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം വ്യാജന്മാരെ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പോലീസിൽ ഏൽപ്പിക്കാൻ സന്നദ്ധരാവുക.

**ഗാന്ധിഭവൻ**
ആലംബഹീനരുടെ അഭയകേന്ദ്രം

കുണ്ടയം പി.ഒ., പത്തനാപുരം, കൊല്ലം ജില്ല – 689 695
ഫോൺ : 0475–2355573, 2035039, 9605057000